File No.SJD/993/2022-F2

SJD/993/2022-F2

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :24/06/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ആർ.സുനിൽ,
റിപ്പോർട്ടർ,മാധ്യമം ദിനപത്രം,
പുല്ലേപ്പടി,
കൊച്ചി -18

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു . സൂചന അപേക്ഷയിൽ ആവശ്യപ്പെട്ട ഈ ഓഫീസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആദിവാസി മേഖലയിൽ 2010 മുതൽ 2022 വരെ സാമൂഹിക നീതി വകുപ്പ് എന്തെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചു . തുക അനുവദിച്ചതിൻെറയും ചെലവഴിച്ചതിൻെറയും ജില്ല തിരിച്ചുള്ള കണക്ക് ആവശ്യപ്പെടുന്നു.
   പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ മാനസികാരോഗ്യ പ്രശ്നങ്ങളുള്ള ആദിവാസികളുടെ പുനരധിവാസത്തിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പ് മുഖേന പുനർജ്ജനി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിയ്ക്കുന്നില്ല.പദ്ധതിയ്ക്കായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായി കണക്കാക്കിയ തുകയിൽ നിന്നും 30,61,705/- രൂപ പ്രസ്തുത വകുപ്പ്, സാമൂഹ്യനീതി വകുപ്പിനു കൈമാറുകയും ഇതിൽ 25,18,630/- രൂപ ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾക്കായി പാലക്കാട് നിർമ്മിതി കേന്ദ്രയ്ക്ക് നൽകുവാൻ 16.01.2019 തീയതിയിലെ സ .ഉ.(സാധാ)നം. 20/2019/സാനീവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും, ടി തുകയിൽ നിന്നും 21 ലക്ഷം രൂപ നിർമ്മിതി കേന്ദ്രയ്ക്ക് നൽകുകയും ചെയ്തു. കൂടാതെ പുനർജ്ജനി പദ്ധതി പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിൽ 25 കിടക്കകൾ വാങ്ങുന്നതിനായി 1,08,500/- രൂപയും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.
2. അട്ടപ്പാടിയിൽ സാമൂഹിക നീതി വകുപ്പ് സാമൂഹിക അടുക്കളയ്ക്കായി ഇതുവരെ ആകെ എത്ര രൂപ ചെലവഴിച്ചു . ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണ്.

   തുക ചെലവഴിച്ചിട്ടില്ല
3. സാമൂഹിക അടുക്കള പദ്ധതി നടപ്പാക്കിയത് ഏത് ഏജൻസി വഴിയാണ്. അവർ

File No.SJD/993/2022-F2

ചെലവഴിച്ചത് സംബന്ധിച്ച് നല്കിയ കണക്കിൻെറ വിശദവിവരം ആവശ്യപ്പെടുന്നു.

സാമൂഹ്യനീതി വകുപ്പ് തുക ചെലവഴിച്ചിട്ടില്ല

4. പോഷകാഹാര വിതരണത്തിനായി അട്ടപ്പാടിയിൽ 2006-07 മുതൽ 2022 വരെ ആകെ എത്ര രൂപ ചെലവഴിച്ചു .
   മറുപടിക്കായി വനിതാ ശിശു വികസന ഡയറക്ടറേറ്റ്,പൂജപ്പുര,തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.
5. ഈ പദ്ധതി നടപ്പാക്കിയത് ഏത് ഏജൻസി വഴിയാണ്, അവർ ചെലവഴിച്ചത് സംബന്ധച്ച് നല്കിയ കണക്കിൻെറ വിശദ വിവരം ആവശ്യപ്പെടുന്നു.
   മറുപടിക്കായി വനിതാ ശിശു വികസന ഡയറക്ടറേറ്റ്,പൂജപ്പുര,തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്
6. ശിശുമരണം തുടങ്ങിയതു മുതൽ 2021 വരെ സാമൂഹിക നീതി വകുപ്പ് അട്ടപ്പാടിയിൽ എന്തെല്ലാം പദ്ധതി നടപ്പാക്കി. ഓരോ പദ്ധതിയും എന്തായിരുന്നു. പദ്ധതി റിപ്പോർട്ടിൻെറ പകർപ്പ് ആവശ്യപ്പെടുന്നു.
   മറുപടിക്കായി വനിതാ ശിശു വികസന ഡയറക്ടറേറ്റ്,പൂജപ്പുര,തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്
7. ഓരോ പദ്ധതിക്കും തുടങ്ങിയ വർഷം മുതൽ ഇതു വരെ ഓരോ വർഷവും എത്ര രൂപ വീതം ചെലവഴിച്ചു.
   മറുപടിക്കായി വനിതാ ശിശു വികസന ഡയറക്ടറേറ്റ്,പൂജപ്പുര,തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്
8. പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ അതിൻെറപകർപ്പുംആവശ്യപ്പെടുന്നു.

   ബാധകമല്ല

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ്ഭവന്,5)-ം നില,
തിരുവനന്തപുരം - 695033

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർ**

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033